(ബി) ഡിസ്റ്റിലറിയിൽ നിന്നും നേരിട്ട്.

(സി) ഉദിക്കുന്നില്ല.

ലേലം കൊള്ളാത്ത ഷാപ്പുകൾ

* 135. [138] ശ്രീ. കെ. ടി. കുമാരൻ :
,, ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 ലേക്കുള്ള അബ്കാരി ലേലത്തിന്റെ ആദ്യ റൗണ്ട് 12-3-1986-ൽ പൂർത്തിയായപ്പോൾ ലേലം കൊള്ളാത്ത ഷാപ്പുകൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിദേശമദ്യം, ചാരായം, കള്ള് എന്നീ ഓരോ ഇനത്തിലും എത്രയെന്നും ലേലം കൊള്ളാതിരിക്കാൻ കാരണമെന്തെന്നും വ്യക്തമാക്കാമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഉണ്ട്

(ബി)

കള്ള്	1624 എണ്ണം
ചാരായം	220 ഗ്രൂപ്പുകൾ
വിദേശമദ്യം (ചില്ലറ)	54 എണ്ണം
വിദേശമദ്യം (മൊത്തം)	63 എണ്ണം

ഒന്നാം റൗണ്ട് ലേലം പൂർത്തിയായപ്പോൾ തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ കോൺട്രാക്റ്റർമാർ ലേലം ബഹിഷ്ക്കരിച്ചതുമൂലം അവിടങ്ങളിൽ ഒറ്റ മദ്യഷാപ്പുപോലും ലേലത്തിൽ പോയില്ല. മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, പൊതു ശ്മശാനങ്ങൾ എന്നിവയിൽ നിന്നും നിയമം അനുശാസിക്കുന്ന അകലങ്ങളിൽ അയവു വരുത്തി പ്രത്യേകാനുമതി കൊടുക്കുന്ന സമ്പ്രദായം 1-4-1986 മുതൽ നിർത്തൽ ചെയ്തതിൽ പ്രതിഷേധിച്ചാണ് ഇപ്രകാരം ലേലം ബഹിഷ്ക്കരിച്ചത്.

പാഠപുസ്തകങ്ങളുടെ അച്ചടി

* 136. [139] ശ്രീ. സി. വാസുദേവമേനോൻ :
,, എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾ സംസ്ഥാനത്തിന് വെളിയിലുള്ള പ്രസ്സുകളിൽ അച്ചടിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാനത്തുള്ള പ്രസ്സുകളിൽ ;

(സി) അന്യ സംസ്ഥാനങ്ങളിൽ അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ നമ്മുടെ സംസ്ഥാനത്തെ പ്രസ്സുകളിൽ തന്നെ അച്ചടിക്കുന്നതിന് എന്താണ് തടസ്സം ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടി അന്യ സംസ്ഥാനങ്ങളിൽ നടത്തുന്നതുമൂലം സർക്കാരിന് വല്ല ലാഭവുമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കമ്മീഷൻ ക്ഷണിച്ചു് അവ പരിശോധിച്ചതിനുശേഷമാണോ പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിച്ചത് ;

(എഫ്) 1985-86 വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനു് ഏതെല്ലാം പ്രസ്സുകളെയാണു് ഏൽപ്പിച്ചിരുന്നത് ;

(ജി) 1986-87 ലേക്കുള്ള അച്ചടി ആർക്കൊക്കെ നൽകിയിരിക്കുന്നു?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ടു്

(ബി) തമിഴു് നാട്ടിലും കർണ്ണാടകത്തിലും

(സി) നമ്മുടെ സംസ്ഥാനത്തു് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ താത്പര്യം കാണിച്ച പ്രസ്സുകൾക്കു് ഇവിടെ ആവശ്യമായി വരുന്ന എല്ലാം പുസ്തകങ്ങളും ഒരു നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ചു തരുവാനുള്ള യന്ത്രസാമഗ്രികൾ ഇല്ലെന്നു് മനസിലാക്കിയതിനാലും കേരളത്തിനു പുറത്തുള്ള പ്രസ്സുകൾ സമർപ്പിച്ച റേറുകൾ താരതമ്യേന കുറവായതിനാലുമാണു്.

(ഡി) ഉണ്ടു്.

(ഇ) അതെ.

(എഫ്) 1985-86 വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനു് താഴെ പറയുന്ന പ്രസ്സുകളെ ഏൽപ്പിച്ചിരിക്കുന്നു.

1. തൃക്കാക്കര ടെക്സ്റ്റു ബുക്കു് പ്രസ്സു് .. 69 (വിവിധ ഭാഷകളിൽ)
2. ഗവൺമെൻറു് പ്രസ്സു്, കണ്ണൂർ (കന്നട പുനരച്ചടി മാത്രം) .. 9
3. പയനിയർ മുത്തു പ്രസ്സു്, നാഗർകോവിൽ (തമിഴു് പുനരച്ചടി മാത്രം) .. 6
4. സവിതാ പ്രിൻേറഴ്സു്, മൈസൂർ (കന്നട പുനരച്ചടി മാത്രം) .. 3
5. സന്തോഷു് പ്രിൻേറഴ്സു്, മൈസൂർ (കന്നട പുനരച്ചടി മാത്രം) .. 3
6. കോറണേഷൻ ലിത്തോ വർക്സു്, ശിവകാശി .. 1 (നാലു ഭാഷകളിൽ
7. കുമുദം പ്രിൻേറഴ്സു്, മദ്രാസു് .. രണ്ടു എണ്ണം നാലു ഭാഷകളിലും 1 എണ്ണം മൂന്നു ഭാഷയിലും

(ജി) 1986-87 ലേക്കുള്ള അച്ചടി താഴെ പറയുന്ന പ്രസ്സുകളിൽ ഏൽപ്പിച്ചിരിക്കുന്നു.

1. തൃക്കാക്കര കെ. ബി. പി. എസ്. .. 69 (വിവിധ ഭാഷകളിലായി)
2. ഗവൺമെൻറു് പ്രസ്സു്, കണ്ണൂർ .. 5
3. പയനിയർ മുത്തു പ്രസ്സു്, നാഗർകോവിൽ (തമിഴു് പുനരച്ചടി മാത്രം) .. 8
4. ബാലൻ പ്രസ്സു്, തക്കല (തമിഴു് പുനരച്ചടി മാത്രം) .. 2

LIBRARY ARCHIVES Kerala Legislative Assembly

5.	സവിതാ പ്രിന്റേഴ്സ്, മൈസൂർ (കന്നട പുനരച്ചടി മാത്രം)	..	1
6.	വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ	..	1 (നാലു ഭാഷകളിൽ)
7.	വിക്ടറി പ്രസ്സ്, കുന്നംകുളം	..	2 (ഒരെണ്ണം നാലു ഭാഷയിലും ഒരെണ്ണം ഒരു ഭാഷയിലും)
8.	കുമാർ പ്രിന്റേഴ്സ്, കൊല്ലം	..	6 (4 എണ്ണം നാലു ഭാഷകളിലും 2 എണ്ണം മൂന്നു ഭാഷകളിലും)
9.	കോറണേഷൻ ലീത്തോ വർക്സ്, ശിവകാശി	..	1 (നാലു ഭാഷകളിൽ)
10.	കുമുദം പ്രിന്റേഴ്സ്, മദ്രാസ്	..	3 (രണ്ടെണ്ണം നാലു ഭാഷകളിലും ഒരെണ്ണം മൂന്നു ഭാഷകളിലും

ഇതിൽ പയനിയർ മുത്തു പ്രസ്സ്, ബാലൻ പ്രസ്സ്, സവിതാ പ്രിന്റേഴ്സ്, കോറണേഷൻ, കുമുദം എന്നീ പ്രസ്സുകൾക്ക് പുനരച്ചടി മാത്രമാണ് നൽകിയിട്ടുള്ളത്.

മരിച്ചീനിയിൽ നിന്നും ചാരായം ഉൽപ്പാദിപ്പിക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടി

* 137. [140] ശ്രീ. പി. വിജയദാസ് :
,, എ. സി. ഷൺമുഖദാസ് :
,, ആർ. എസ്. ഉണ്ണി :
ശ്രീമതി റേച്ചൽ സണ്ണി പനവേലി :
ശ്രീ. കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരിച്ചീനിയിൽ നിന്നും ചാരായം ഉണ്ടാക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായോ ;

(ബി) ഇതേ ആവശ്യത്തിനു വേണ്ടി ഗവൺമെന്റ് ഉടമയിലുള്ള ഏതെങ്കിലും കമ്പനി മരച്ചീനി വാങ്ങി ശേഖരിക്കുകയുണ്ടായോ ;

(സി) ഈ ഇനത്തിൽ ചെലവായ സംഖ്യ എത്ര ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശിനിവാസൻ) :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് മരിച്ചീനിയിൽ നിന്നും റെക്റ്റിഫൈഡ് സ്പിരിറ്റ് ഉണ്ടാക്കുന്നതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചിരുന്നു. ഈ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. മരച്ചീനിയിൽ നിന്ന് റെക്റ്റിഫൈഡ് സ്പിരിറ്റ് ഉൽപ്പാദിപ്പിക്കുവാൻ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനുവേണ്ടി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച അപേക്ഷ ഈ ഗവൺമെൺറ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതേ ആവശ്യത്തിനായി കേരളാ സ്റ്റേറ്റ് ബെവറേജസ് കോർപ്പറേഷൻ സമർപ്പിച്ച അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. മരിച്ചീനിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly